DESPATCHED On...13..3.2020

21/1/20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@.nic.in

ഹർജി നമ്പർ **AP. 1722(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13159**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജീവ മുകുന്ദൻ പി.പി.,
സതീഷ് നിവാസ്, 3/1591,
വെള്ളയിൽ റെയിൽവെ സ്റ്റേഷന് മുൻവശം,
നടക്കാവ് പി.ഒ, കോഴിക്കോട് – 673 011.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.08.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജീവ മുകുന്ദൻ പി.പി., 03.08.2019 ന് സമർപ്പിച്ച അപ്പീൽ ഹർജി 05.08.2019 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1722(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 21.05.2019 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കാറ്റഗറി നമ്പർ.654/2012 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിലേക്ക് ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് II തസ്തികയിലേക്ക് 23.10.2018 ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 5 പേരെ അഡ്വൈസ് ചെയ്തതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിൽ കാണുന്നുണ്ടെന്നും ഇതിൽ ആദ്യം അഡ്വൈസ് ചെയ്തത്, ഏത് റാങ്കുകാരിയെ ഏത് ടേണിലാണ് നിയമിച്ചതെന്ന വിവരം ലഭ്യമാക്കുക, ഒന്നാം റാങ്കുകാരിയെ ഏത് ടേണിലാണ് നിയമിച്ചതെന്ന വിവരം നൽകുക എന്നതുമായി ബന്ധപ്പെട്ട് 12 വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 12.11.2019 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 21.05.2019 ൽ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് 23.10.2018 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 5 പേരെ അഡ്വൈസ് ചെയ്തതായി വെബ്സൈറ്റിൽ കാണുന്നുണ്ടെന്നും ഇതിൽ ആദ്യം അഡ്വൈസ് ചെയ്ത റാങ്കുകാരിയെ ഏത് ടേണിലാണ് അഡ്വൈസ് ചെയ്തതെന്നും എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. ടിയാൻ ആവശ്യപ്പെട്ടിരുന്ന 1,2,3,4,9,12 എന്നീ വിവരങ്ങൾ കമ്മിഷന്റെ വെബ്സൈറ്റിൽ 'Details of Advice' എന്ന ലിങ്കിൽ ലഭ്യമാണെന്നും ആയത് പരിശോധിക്കുവാനും, ചോദ്യം 5,6,7,8 എന്നിവയ്ക്ക് 06.12.2018, 12.04.2019 എന്നീ തീയതികളിൽ അംഗീകരിച്ച റൊട്ടേഷൻ പ്രകാരം യഥാക്രമം MRI6 M എന്ന ടേണും, NCA എന്ന ടേണും എൻ.സി.എ വിജ്ഞാപനത്തിനായി നീക്കിവച്ചിട്ടുണ്ടെന്നും ഒന്നാം എൻ.സി.എ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും,

റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, ചോദ്യം 11 ന് നിയമനശുപാർശ വിവരങ്ങൾ മുൻകൂട്ടി പറയുവാൻ നിർവ്വാഹമില്ലെന്നുമാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണെന്നും സംശയ നിവാരണങ്ങളും ചട്ടങ്ങളുടെ വ്യാഖ്യാനവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും അറിയിച്ചുകൊണ്ട് 23.07.2019 ന് അപ്പീൽ തീർപ്പാക്കിയെന്നും വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 17.01.2020 ലെ റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിലേക്കായി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശുപാർശ നൽകുന്നത് KS & SSR Rule 14 മുതൽ 17 വരെ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണെന്നും റൊട്ടേഷൻ ചാർട്ട് കെ.പി.എസ്.സി യുടെ വെബ്സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണെന്നും സംശയ നിവാരണങ്ങളും ചട്ടങ്ങളുടെ വ്യാഖ്യാനവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നുമാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM